(ഇ) പാർട്ട്ടൈം ഫുൾടൈം സ്കെയിലുകൾ അനുവദിച്ചതിന്റെ മാനദണ്ഡം വെളിപ്പെടുത്തുമോ ;

(എഫ്) 1998 ആഗസ്റ്റ് മാസത്തിൽ സർവ്വീസിൽ പ്രവേശിച്ച എയിഡഡ് മാനേജുമെന്റ് സ്കൂളുകളിൽ പ്ലസ് ടു ടീച്ചർമാർക്ക് സ്ഥിരം നിയമനം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ ;

(ജി) പാർട്ട്ടൈം ആയി ജോലി ചെയ്യുന്നവരും ഒരു വർഷത്തിനുശേഷം ഫുൾടൈമിനു അർഹത നേടിയവരുമായ പ്ലസ് ടു അദ്ധ്യാപകർക്ക് ഫുൾടൈം സ്കെയിൽ അനുവദിക്കുന്നതിനും ശംബള കുടിശ്ശിക നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്കൂളുകളിൽ സുപ്രീം കോടതി നിർദ്ദേശപ്രകാരം 1997-ലെ റിസ്റ്റിൽ നിന്നും യോഗ്യരായ അദ്ധ്യാപകരെ നിയമിക്കുന്നുണ്ട്. ഒഴിവുകൾ വരുന്ന ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ഗസ്റ്റ് ലക്ചറർ ആയും നിയമനം നടത്തുന്നുണ്ട്.

(സി) സുപ്രീം കോടതിയിലെ കേസ് അന്തിമവിധിക്കുവേണ്ടി മാറ്റിവെച്ചിരിക്കുകയാണ്. കേസിനാസ്പദമായി നൽകേണ്ടുന്ന വിവരങ്ങളെല്ലാം സർക്കാർ ഭാഗത്തു നിന്ന് നൽകിയിട്ടുണ്ട്.

(ഡി) പാർട്ടൈം-5500-9075, ഫുൾടൈം - 6675 - 10500.

(ഇ) പീരിയഡുകളുടെ അടിസ്ഥാനത്തിൽ പാർട്ട്ടൈം, ഫുൾടൈം തീരുമാനിക്കുകയും ഈ തസ്തികകൾക്കുള്ള സ്കെയിലുകൾ ശമ്പള കമ്മീഷൻ തീരുമാനിക്കുകയും ചെയ്തു.

(എഫ്) ഇതുവരെ ആർക്കും സ്ഥിര നിയമനം നൽകിയിട്ടില്ല. സ്പെഷ്യൽ റൂൾസ് നിലവിൽ വരുമ്പോൾ നിയമനം സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ജി) ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വി.എച്ച്.എസ്.സി. കോഴ്സുകൾ പി.എസ്.സി. അംഗീകരിക്കുന്നതിന് നടപടി

58(473) ശ്രീ. എം. മുരളി :
ശ്രീ. കെ. പി. വിശ്വനാഥൻ : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വി.എച്ച്.എസ്.സി. പാസാകുന്നവർക്ക് ഏതെല്ലാം ഗവൺമെന്റ് വകുപ്പുകളിൽ ജോലികിട്ടാനുള്ള സാദ്ധ്യതയുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്കൂളുകളിൽ പഠിപ്പിക്കുന്ന എല്ലാ ട്രെയിഡുകളും ഉദ്യോഗനിയമനത്തിനായി പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഏതൊക്കെ ട്രെയിഡുകളാണ് പി.എസ്.സി. അംഗീകരിച്ചിട്ടുള്ളത് ;

(ഡി) എല്ലാ ട്രെയിഡുകളും പി.എസ്.സി. അംഗീകരിക്കാത്തതിന് കാരണം വ്യക്തമാക്കുമോ ;

(ഇ) എല്ലാ ട്രെയിഡുകളും പി.എസ്.സി. അംഗീകരിക്കാത്തതുമൂലം ഉദ്യോഗാർത്ഥികൾക്കുണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) പ്രസ്തുത ട്രെയിഡുകൾക്ക് പി.എസ്.സി. അംഗീകാരം ലഭിക്കുന്നതിന് എന്തു നടപടി കൈക്കൊള്ളാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) താഴെപ്പറയുന്ന സർക്കാർ വകുപ്പുകളിൽ വി.എച്ച്.എസ്.ഇ. പാസ്സാകുന്നവർക്ക് ജോലി കിട്ടാനുള്ള സാദ്ധ്യതയുണ്ട്.

1. പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ്
2. അഗ്രികൾച്ചർ ഡിപ്പാർട്ട്മെന്റ്
2. ആനിമൽ ഹസ്ബന്ററി ഡിപ്പാർട്ട്മെന്റ്
4. ഹെൽത്ത് ഡിപ്പാർട്ട്മെന്റ്
5. പൊതുവിദ്യാഭ്യാസ വകുപ്പ്
6. വൊക്കേഷണൽ ഹയർ സെക്കന്ററി ഡിപ്പാർട്ട്മെന്റ്

(ബി) ഇല്ല.

(സി) താഴെപ്പറയുന്ന 12 കോഴ്സുകളാണ് പി.എസ്.സി. അംഗീകരിച്ചിട്ടുള്ളത്.

1. സി.സി.എം (സിവിൽ കൺസ്ട്രക്ഷൻ മെയിന്റനൻസ്)
2. അഗ്രികൾച്ചറൽ പ്ലാന്റ് പ്രൊട്ടക്ഷൻ
3. അഗ്രികൾച്ചറൽ നഴ്സറി മാനേജ്മെന്റ് ആന്റ് ഓർണമെന്റൽ ഗാർഡനിംഗ്
4. അഗ്രികൾച്ചർ ഫ്രൂഡ്സ് ആന്റ് വെജിറ്റബിൾസ്
5. അഗ്രികൾച്ചർ സെറികൾച്ചർ
6. ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ഡയറി ഹസ്ബന്ററി

LIBRARY ARCHIVES Kerala Legislative Assembly

7. ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് പൗൾട്രി ഹസ്ബന്ററി

8. ഡയറിയിംഗ് മിൽക്ക് പ്രോഡക്ട്സ്

9. ഇ.സി.ജി. ആന്റ് ആഡിയോമെട്രിക്സ് ടെക്നീഷ്യൻ

10. ഫിസിക്കൽ എഡ്യൂക്കേഷൻ

11. ക്ളോത്തിംഗ് ആന്റ് എംബ്രോയിഡറി

12. ഓഫീസ് സെക്രട്ടറിഷിപ്പ്

(ഡി) ഇക്കാര്യത്തിൽ കത്തിടപാട് നടന്നുവരുന്നു.

(ഇ) ഉണ്ട്.

(എഫ്) ഈ ആവശ്യത്തിലേയ്ക്കായുള്ള കത്തിടപാടുകൾ വിവിധ വകുപ്പുകളുമായും പി.എസ്.സി. യുമായും നടന്നുവരുന്നു.

വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകൾക്കുള്ള ധനസഹായം

59(474) ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. യു. എസ്. ശശി :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. സി. എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് കേന്ദ്രഗവൺമെന്റിൽനിന്നും ധനസഹായം ലഭിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ധനസഹായം ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) വിതരണംചെയ്തിട്ടില്ലെങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) 1997-98 നുശേഷം ധനസഹായം ലഭിക്കുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പ്രൈവറ്റ് സെക്കന്ററി സ്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷന്റെ നിവേദനം

60(475) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly